ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്ന് മലയാളത്തിൽ 215 പ്രചരണ പുസ്തകങ്ങളും ഇംഗ്ലീഷിൽ 52 പുസ്തകങ്ങളും, തമിഴിലും കന്നടയിലും ഓരോ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി പ്രസിദ്ധീകരണങ്ങൾ സർക്കാർ പ്രസ്സുകളിലും അർദ്ധ സർക്കാർ പ്രസ്സുകളിലുമാണ് അച്ചടിച്ച് വരുന്നത്. അതിനാൽ ഇതിലേക്കാവശ്യമായ ചെലവുകൾ പ്രത്യേകം കണക്കാക്കിയിട്ടില്ല.

(ബി) മുഖ്യമന്ത്രിയെ സംബന്ധിച്ചും മുഖ്യമന്ത്രിയുടെ വകുപ്പിനെ സംബന്ധിച്ചും മലയാളത്തിൽ 52 പുസ്തകങ്ങളും 26 ഫോർഡറുകളും ഇംഗ്ലീഷിൽ 16 പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ലിസ്റ്റ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.†

(ഡി) നൽകിയിട്ടില്ല.

ഭാഷാ ന്യൂനപക്ഷങ്ങൾ

49 (983) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഭാഷാ ന്യൂനപക്ഷങ്ങൾ ഉണ്ട്, ജില്ല തിരിച്ച് ഏതെല്ലാം ഭാഷക്കാരാണെന്നുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിഭാഗത്തിന് ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റ് നൽകിവരുന്നത് ;

(സി) പുതുതായി എന്തെങ്കിലും സഹായങ്ങൾ നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്തെല്ലാമാണെന്നും എന്നേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ അംഗീകൃത ഭാഷാ ന്യൂനപക്ഷങ്ങൾ രണ്ടാണ്.

1. തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾ
2. കന്നഡ ഭാഷാ ന്യൂനപക്ഷങ്ങൾ

തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾ

തിരുവനന്തപുരം ജില്ല : തിരുവനന്തപുരം താലൂക്കിൽ തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശം.

† അനുബന്ധം - XIV

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ല : പീരുമേട് താലൂക്കിൽ പീരുമേട് നോൺമുനിസിപ്പൽ പ്രദേശം. ഉടുമ്പൻചോല താലൂക്കിൽ ഉടുമ്പൻചോല നോൺ മുനിസിപ്പൽ പ്രദേശം. ദേവികുളം താലൂക്കിൽ ദേവികുളം നോൺമുനിസിപ്പൽ പ്രദേശം.

പാലക്കാട് ജില്ല : പാലക്കാട് താലൂക്കിൽ പാലക്കാട് മുനിസിപ്പൽ പ്രദേശം. ചിറ്റൂർ താലൂക്കിൽ ചിറ്റൂർ നോൺ മുനിസിപ്പൽ പ്രദേശവും ചിറ്റൂർ തത്തമംഗലം മുനിസിപ്പൽ പ്രദേശവും.

കന്നഡ ഭാഷാ ന്യൂനപക്ഷങ്ങൾ : കാസർഗോഡ് ജില്ലയിൽ കാസറഗോഡ് താലൂക്ക്.

(ബി) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനയിലെ ആർട്ടിക്കിൾ 350 (എ), (ബി) 1, 2, വകുപ്പുകളനുശാസിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

മാതൃഭാഷയിൽ വിദ്യ അഭ്യസിക്കുന്നതിനുള്ള സൗകര്യം, സർക്കാർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുമ്പോൾ യോഗ്യതാ പരീക്ഷ മാതൃഭാഷയിൽ എഴുതാനുള്ള സൗകര്യം, പ്രമാണങ്ങളും മറ്റും ന്യൂനപക്ഷഭാഷയിൽ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ; കോടതിയിൽ മാതൃഭാഷയിൽ കേസുകൾ ഫയൽ ചെയ്യാനുള്ള സൗകര്യം, സർക്കാർ ഓഫീസുകളിൽ ന്യൂനപക്ഷ ഭാഷയിൽ എഴുത്തുകുത്തുകൾ നടത്താനുള്ള സൗകര്യം എന്നിവ ചെയ്തുവരുന്നു. ഇത് ഉറപ്പാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കാലാകാലങ്ങളിൽ നിർദ്ദേശവും നൽകിവരുന്നു. ടെക്സ്റ്റ് ബുക്കുകൾ ന്യൂനപക്ഷഭാഷയിൽ പ്രസിദ്ധീകരിച്ചു നൽകുകയും ന്യൂനപക്ഷ ഭാഷയിൽ പ്രാവീണ്യം നേടിയ അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുന്നു. ന്യൂനപക്ഷ ഭാഷാപ്രദേശത്ത് റ്റി.റ്റി.സി.-ക്കും ബി.എഡ്ഡിനും പ്രീഡിഗ്രിക്കും ബിരുദകോഴ്സുകൾക്കും സർക്കാർ കോളേജുകളിൽ ന്യൂനപക്ഷ ഭാഷാ വിദ്യാർത്ഥികൾക്ക് സീറ്റുകൾ റിസർവ് ചെയ്തിട്ടുണ്ട്. ന്യൂനപക്ഷഭാഷയിൽ ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളും നടത്തുന്നുണ്ട്. പ്രീഡിഗ്രിക്ക് ഇപ്പോൾ നൽകിവരുന്ന സീറ്റ് സംവരണം പ്ലസ്ടു വിദ്യാർത്ഥികൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രധാനപ്പെട്ട എല്ലാ സർക്കാർ ഉത്തരവുകളുടേയും പകർപ്പുകൾ, ഇലക്ടറൽ റോളുകൾ, റേഷൻകാർഡ് എന്നിവ ന്യൂനപക്ഷ ഭാഷകളിൽ അച്ചടിച്ചുവിതരണം ചെയ്യുന്നുണ്ട്.

ഭരണസൗകര്യത്തിനായി ന്യൂനപക്ഷഭാഷാ പ്രദേശങ്ങളിലെ ആഫീസുകളിൽ ന്യൂനപക്ഷ ഭാഷാ പരിജ്ഞാനം ഉള്ളവരെ മാത്രമേ എക്സിക്യൂട്ടീവ് തസ്തികകളിലേയ്ക്ക് പരിഗണിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന് ന്യൂനപക്ഷ ഭാഷാ പരിജ്ഞാനം ഇല്ലെങ്കിൽ ഭാഷാ പരിജ്ഞാനമുള്ള അദ്ദേഹത്തിന്റെ താഴെയുള്ള വ്യക്തിയെ എക്സിക്യൂട്ടീവ് തസ്തികകളിലേയ്ക്ക് നിയമിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ന്യൂനപക്ഷഭാഷാ പ്രദേശങ്ങളായ തിരുവനന്തപുരം, ഇടുക്കി, പാലക്കാട് എന്നീ കളക്ടറേറ്റുകളിൽ തമിഴ്സെല്ലും, കാസർഗോഡ് കളക്ടറേറ്റിൽ കന്നഡ സെല്ലും രൂപീകരിച്ചിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മുഖ്യമന്ത്രി ചെയർമാനായി ഒരു സംസ്ഥാനതലകമ്മിറ്റിയും ജില്ലാകളക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി & ഡി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

ദളിത് ക്രൈസ്തവർക്ക് സംവരണം

50 (984) ശ്രീ. മാത്തൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദളിത് ക്രൈസ്തവരെ പട്ടികജാതി, പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് 28-6-1995-ൽ ഒരു കത്ത് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുകയുണ്ടായോ ;

(ബി) എങ്കിൽ പ്രസ്തുത കത്തിന് സംസ്ഥാന ഗവൺമെന്റ് മറുപടി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം മറുപടി നല്കിയിട്ടില്ലെങ്കിൽ കാരണം അറിയിക്കാമോ ;

(ഡി) ദളിത് ക്രൈസ്തവർക്ക് സംവരണം ലഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ശക്തമായി സമ്മർദ്ദം ചെലുത്താൻ സർക്കാർ സന്നദ്ധമാവുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി-ഡി) ക്രിസ്തുമതം സ്വീകരിച്ച മുൻ പട്ടികജാതിക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെ അനുകൂലിച്ചും പ്രതികൂലിച്ചും സർക്കാരിനു ലഭിച്ചിട്ടുള്ള നിവേദനം ഇപ്പോൾ പരിഗണനയിലാണ്.

ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനത്തിന് പോയവർ

51 (985) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുജറാത്തിൽ ഭൂമികുലുക്കദുരന്തമുണ്ടായപ്പോൾ സംസ്ഥാനത്തു നിന്നും ആദ്യപടിയായി എത്താനും ഉദ്യോഗസ്ഥരെ അങ്ങോട്ടയച്ചുവോ ;

(ബി) അവർ ആരൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly